KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# ഗവ.ഹൈസ്കൂൾ കുഴൂർ



# പുതുനാമ്പ്

**DIGITAL MAGAZINE**
**2018-2019**

little KITEs

# താളുകളിലൂടെ...

പുതുനാമ്പിനെകുറിച്ച്....

പുതുനാമ്പിന് പിന്നിൽ...

ചാന്ദ്രദിനം

കലികാലം

ചിലങ്ക

സ്കൂളിനഭിമാനമായർ

കേരളം നവകേരളം

മനസ്സിനെ തകർത്ത പ്രളയം(അനുഭവക്കുറിപ്പ്)

- ചിത്രരചനകൾ

കഥകളിക്ക് ഇതര കലകളുമായുള്ള ബന്ധം .

ചന്ദ്രനെക്കുറിച്ച്.....

അന്റാർട്ടിക്ക അടിസ്ഥാന വിവരങ്ങൾ

മനുഷ്യജീവിതം

ഒരു താലം പോലെ

വിൽക്കാത്ത മുത്തുമാല

ബിനാലെ

https://lh3.googleusercontent.com/g2JRFrY58ewX2fL2ePn_IAJ-Zwo=s104


# പുതുനാമ്പിനെകുറിച്ച്.....

ഭ്രൂമി അമ്മയാണ്...
എല്ലാ മക്കളെയും സ്നേഹം കൊണ്ട്
ചേർത്തുനിർത്തുന്ന തായ്‌വേരാണ്

അതുകൊണ്ട്,

നമുക്ക് പ്രതീക്ഷിച്ചേ പറ്റൂ...
ഇരുൾ വീഴുമ്പോഴും വെളിച്ചം കെടുന്നില്ലെന്ന്,
എല്ലാ അസ്തമയങ്ങൾക്ക് ശേഷവും
ഉദയസൂര്യൻ കനകപ്രഭ ചൊരിയുമെന്ന്...
പുതുനാമ്പുകൾ
മണ്ണിനെ ആകെ കുളിർപ്പിച്ച്
പാരിടമാകെ നിറയുമെന്ന്
ഞങ്ങൾ പ്രത്യാശിക്കുന്നു....
പ്രകൃതി താണ്ഡവമാടിയ ഞങ്ങളുടെ നാട്
അതിജീവനത്തിന്റെ പാതയിലാണ്
സഹപാഠികൾ സഹനത്തിൽ നിന്നും
ഉയിരിന്റെ ഗാനം കേൾപ്പിക്കുന്ന
ആ ആത്മസമർപ്പണത്തിന് ,
ഉയിർത്തെഴുന്നേൽപ്പിന് ഞങ്ങളുടെ ഏറ്റവും ലളിതമായ പങ്കു കൂടി
അങ്ങേയറ്റം സ്നേഹാദരവുകളോടെ
ഏവരുടെയും മുമ്പിൽ സമർപ്പിക്കുന്ന

**''പുതുനാമ്പ്''**


പുതുനാമ്പിനു പിന്നിൽ..
അഭിജിത്ത്
സൽമാൻ
സുരസു കെ എസ്
പാൻജിയ
രജനി കെ കെ
കീർത്തന
തുഷാര

# ചാന്ദ്രദിനം

ജൂലൈ 21 നാണ് ചാന്ദ്രദിനം. മാനത്തെ വിസ്മയമായിരുന്ന അമ്പിളി അമ്മാവനിൽ ആദ്യമായി മനുഷ്യൻ ഇറങ്ങിയദിവസം. മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയ സ്ഥലത്തിന്റെ പേരാണ് പ്രശാന്ത സമുദ്രം. 1969-1972 കാലത്ത് 12 അമേരിക്കൻകാരനാണ് ചന്ദ്രനിൽ ഇറങ്ങിയത്. നീൽ ആംസ്ട്രോങ്. എഡ്വിൻ ആൽഡ്രിൻ , ചാൾസ് കോൺറാഡ്, അലൻബീൻ, അലൻ ഷെപ്പേഡ്, എഡ് ഗാർമിച്ചൽ, ഡേവിഡ് കോട്ട്, ജയിംസ് ഇർവിൻ, ജോൺയങ്, ചാൾസ് ഡ്യൂക്ക്, ഹാരിസൺ , ഷ്മിറ്റ്, യൂജിൻ സർനാൽ എന്നിവരാണ് ചന്ദ്രനിൽ ഇറങ്ങിയത്.



നീൽ ആംസ്ട്രോങ്



എഡ്വിൻ ആൽഡ്രിൻ

# കലികാലം

നാടറിയാതെ ഇരുട്ടിൽ
അലയുമാകുഞ്ഞ് പൈതലേ....
കീറിമുറിച്ചവന്റെ കാലം
പെറ്റമ്മയെ പൊന്നിനു വേണ്ടി
കഴുത്തറത്തൊരു നീചന്റെ കാലം
കാമുകന് വേണ്ടിസ്വന്തം ചോരയെ
കഴുത്ത് ഞെരിച്ച് കൊണ്ടൊരൊമ്മയെ
അമ്മയെന്നവാക്കി നർഥം
അറിയാത്തവളുടെ കാലം
മുസ്തകത്തിൽ മുഖം പൂഴ്ത്തി
ഇരിക്കുന്നവരുടെ കാലം
എതിരെ വരുന്നവനോടൊന്ന് പുഞ്ചിരിയാക്കൽ
മടിക്കുന്നവരുടെ കാലം
ആടിത്തിമിർക്കുന്ന കാലന്റെ
കാലമാണത്രയീ "കലികാലം"

ഗോപിക എം.എ 8A

# ചിലങ്ക

നീളൻ വരാന്തകളുള്ള
വീടായിരുന്നു അവൾക്കിഷ്ടം
നിറയെ ജനലകളുള്ള
പാദസരമിട്ട കുട്ടിയെപ്പോലെ
തുള്ളിക്കളിക്കുന്ന വെയിൽ
വീട്ടകങ്ങളിൽ നിറയുമെന്ന്
അവൾ കിനാവ് കണ്ടു.
പക്ഷേ,

വെയിലിനു കടന്നുവരാൻ
ജനൽ തുറക്കേണ്ടതില്ലെന്ന്,
ഇരുട്ടാണെന്ന്
എപ്പോഴും ഓർമിക്കപ്പെട്ട
പാദസരമിട്ട പെൺകുട്ടി
ചിലങ്കകൾ അഴിച്ചുവെച്ചു.

രജനി.കെ.കെ
മലയാളം അധ്യാപിക

## STATE RIFLE SHOOTING TEAM





## FOOTBALL TEAM JUNIOR

## FOOTBALL TEAM SUB JUNIOR





## JUNIOR RED CROSS

STATE SASTHROLSAVAM 2018-19, TEACHIHG AID-

SARASU KS (HSA)





MALA SUB DISTRICT SASTHROLSAVAM(2018-19) OVERALL FIRST IN GOVT. SCHOOLS

# കേരളം നവകേരളം

**ഹരിതസുന്ദരം കേരളം...**
**ദുരിതഭൂമിയിതു കേരളം...**
**പ്രളയക്കെടുതിയിതു കേരളം...**
**ഉയർത്തുഴുന്നേൽക്കുന്നിതാ...**
**നവകേരള സൃഷ്ടികൾ...**
**വീണ്ടും ഉണരുന്ന സൂര്യനെ പോലെ**
**വീണ്ടും ഉണരുന്ന കേരളം...**
**വ്യവസായശാലകൾ ഉയരുന്നു വീണ്ടും...**
**മറ്റുള്ളതൊക്കെയും പണിയുന്നു ഭംഗിയായി...**
**കേരള ഭംഗിയെ വീണ്ടെടുക്കുന്നിതാ...**
**മനുഷ്യൻ തന്നുടെ ഐക്യബോധം**
**മറ്റുള്ളവർക്കായി നൽകുന്ന രക്ഷ...**
**മരവിച്ച ഓർമ്മ തൻ മായാത്ത ഓർമ്മ...**
**മനസ്സിന്റെ അകതാരിൽ ഉറങ്ങുന്നപതിയെ...**
**കേര കേളി കേരളം ഹരിതകേരളം**

**സ്വച്ഛസുന്ദര ഹരിത കേരളം.......**

ഗോപിക എം.എ, 8 എ.

# മനസ്സിനെ തകർത്ത പ്രളയം

പാൻജിയ

**കഥകളിൽ കേട്ടറിഞ്ഞ പ്രളയം ഞാൻ എന്റെ കണ്ണുകൾ കൊണ്ട് കണ്ടറിഞ്ഞു. ആഗസ്റ്റ് 15 ന് വെള്ളം കയറി. പാടങ്ങളിലും തോടുകളിലും വയലുകളിലുമെല്ലാം ഞാൻ കളിക്കാറുണ്ടായിരുന്നു. അന്നു കളിക്കുന്നതിനിടയിൽ മഴപെയ്യാൻ തുടങ്ങി. കളി നിർത്തി ഞാൻ വീട്ടിലേക്ക് ഓടിക്കയറി.**
**മഴകുറയുമെന്ന പ്രതീക്ഷയിൽ കുറേ നേരം ഇരുന്നു. എന്നാൽ എന്റെ പ്രതീക്ഷയെയും തെറ്റിച്ചുകൊണ്ട് മഴ കൂടുതൽ ശക്തിയിൽ പെയ്യാൻ തുടങ്ങി. മഴ കുറഞ്ഞിട്ട് വേണമായിരുന്നു എനിക്ക് വിണ്ടും കളിക്കാനിറങ്ങാൻ.**

**പിറ്റേന്ന് ആഗസ്റ്റ് 15 ആയതുകൊണ്ട് സ്കൂളിൽ കൊടി ഉയർത്തുമ്പോൾ പാടാനായി ഒരു പാട്ട് തന്നിരുന്നു. മഴ കുറയുന്നത് കാണാത്തതുകൊണ്ട് ഞാൻ ആ പാട്ട് എടുത്ത് പാടി പഠിക്കാൻ തുടങ്ങി. അതിനിടയിൽ കറന്റും പോയി. മഴയും കാറ്റും മിന്നലും ഒരുമിച്ച് വന്നു. മെഴുക് തിരി വെട്ടത്തിലാണ് അന്ന് രാത്രി ഞങ്ങൾ അന്തിയുറങ്ങിയത്. രാവിലെ ഉറക്കമുണരുമ്പോഴും മഴ ആർത്തലച്ച് പെയ്യുകയായിരുന്നു. തണുപ്പ് കാരണം കുറച്ച് നേരം കൂടി കിടന്നു. പല്ലുതേക്കാനായി മുറ്റത്തേക്കിറങ്ങിയപ്പോഴാണ് ഞാനാകെ അമ്പരന്നു പോയത്. റോഡ് പോലും കാണാത്ത രീതിയിൽ വെള്ളം കുത്തിയൊഴുകിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യ ദിനാഘോഷത്തിന് പോവാൻ കഴിയാത്ത വിഷമത്തോടെ പല്ലു തേച്ച് കുറേ നേരം വെറുതെ ഇരുന്നു. മേശപ്പുറത്ത് ഭക്ഷണം ഇരിക്കുന്നുണ്ടായിരുന്നു. കഴിക്കാൻ തോന്നിയില്ല. ആകാശത്ത് കാർ മേഘം ഇരുണ്ട് കൂടി. ഒരു തുണ്ട് സൂര്യനെ മാത്രം കണ്ടു. കാറ്റിന്റെ ശക്തി കൂടിയിരിക്കുന്നു. പതിയെ ഭക്ഷണം കഴിച്ചു. ഉച്ചയായപ്പോഴേക്കും വീടിന്റെ മതിലുകളെല്ലാം ഇടിഞ്ഞുവീണു. കന്നുകാലികളുടെയും പക്ഷികളുടെയും നിലവിളികൾ മാത്രമാണ് പിന്നീട് കേട്ടത്.**

വൈകുന്നേരം ഏഴരയോടെ വീടിനുള്ളിലേക്ക് വെള്ളം കയറാൻ തുടങ്ങി. ആരെയും വിളിക്കാൻ റേഞ്ച് കിട്ടിയിരുന്നില്ല. രാത്രി പന്ത്രണ്ടരയോടെ വസ്തുങ്ങളെല്ലാം ഒരുക്കി വെച്ചു. തൊട്ടപ്പുറത്തുള്ള വീട്ടിലേക്ക് അവയെല്ലാം മാറ്റി. സാധനങ്ങൾ കൊണ്ടുവെക്കാൻ പോകുന്നതിനിടയിൽ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ ഒരു കൂറ്റൻ നെല്ലിമരം നിലം പതിച്ചു. അടുത്ത വീടുകളിലുള്ള ആളുകളടക്കം ഞങ്ങൾ മൂന്ന് കുടുംബക്കാരുണ്ടായിരുന്നു ആ വീട്ടിൽ. മറുതുണിയില്ലാതെ അന്നു രാത്രി ഞങ്ങൾ വിറച്ചുനിന്നു. പിറ്റേന്ന് നേരം പുലർന്നപ്പോഴേക്കും നാലും മൂന്നും അഞ്ചും വയസ്സുള്ള കുഞ്ഞുങ്ങളെല്ലാം തണുത്ത് വിറങ്ങലിച്ച് കരയാൻ തുടങ്ങി. അരയ്യൊപ്പം വെള്ളത്തിൽ നിന്ന് ഗ്യാസിൽ ചായ തിളപ്പിച്ച് തന്നു. ആ കട്ടൻചായ അപ്പോൾ വല്ലാത്ത ആശ്വാസമാണ് നല്കിയത് .വെള്ളത്തിന്റെ അളവ് കൂടി കൂടി വന്നപ്പോൾ ഞങ്ങൾ നിലവിളിക്കാൻ തുടങ്ങി. പാത്രത്തിൽ കൊട്ടി ശബ്ദമുണ്ടാക്കിയപ്പോൾ ആരൊക്കെയോ രക്ഷിക്കാനെത്തി. കന്നുകാലികൾ ഞങ്ങളുടെ കണ്മുന്നിലാണ് മുങ്ങിത്താഴ്ന്നത്. ഞങ്ങൾക്കത് നോക്കി നിൽക്കാനെ പറ്റിയിരുന്നുള്ളൂ. അത് ഒരു ഭയാനക സാഹചര്യമായിരുന്നു. രണ്ടാമത്തെ ട്രിപ്പിലാണ് ഞങ്ങളെ വഞ്ചിയിലാക്കി എരവത്തൂർ സ്കൂളിലെ ക്യാമ്പിൽ എത്തിച്ചത്. നനഞ്ഞു കുതിർന്ന് സ്വന്തം കുഞ്ഞിനെ മഴ നനയ്ക്കാതെ മാറോട് ചേർത്ത് പിടിച്ച് ചായാതേം ചരിയാതേം പ്രാർത്ഥിച്ചിരിക്കുന്ന ഒരമ്മയുടെ മുഖം ഇപ്പോഴും എന്റെ കണ്ണിലുണ്ട് .ഞങ്ങളെപ്പോലെ ഒരുപാട് പേരുണ്ടായിരുന്നു ക്യാമ്പിൽ. പ്രശ്നങ്ങളെ നേരിട്ടുകൊണ്ട് അപ്പോഴും ഒരുപാട് പേർ രക്ഷാപ്രവർത്തനത്തിന് പോകുന്നുണ്ടായിരുന്നു. മലപ്പുറത്തുനിന്നും രക്ഷാപ്രവർത്തനത്തിനായി ഒരു ഫിഷിംഗ് ബോട്ട് വന്നിരുന്നു. ആ കാഴ്ചകൾ ഇപ്പോഴും എന്റെയുള്ളിൽ തെളിഞ്ഞു വരുന്നുണ്ട്. രണ്ടുനില കെട്ടിടങ്ങളിൽ കുടുങ്ങി കിടക്കുന്നവർക്ക് ഭക്ഷണം കൊടുക്കാൻ പോലും കഴിയാത്ത തരത്തിലുള്ള ഒഴുക്കായിരുന്നു വെള്ളത്തിന്. ഇവിടുത്തെ ക്യാമ്പിൽ സ്ഥലമില്ലാഞ്ഞിട്ട് പള്ളികളിലും വെള്ളം കയറാത്ത വീടുകളിലമെല്ലാം ആളുകളെ താമസിപ്പിച്ചിരുന്നു.

പിറ്റേദിവസം ക്യാമ്പിലിരുന്ന് കരയുന്ന അമ്മാമമ്മാരെയെല്ലാം ഞാൻ മുഖാമുഖം കണ്ടു. മൂന്നുനില കെട്ടിടങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷിക്കാൻ ഹെലികോപ്റ്റർ വന്നിരുന്നു. പേടികൊണ്ട് പലരും അതിൽ കയറിയിരുന്നില്ല. കയറിയിരുന്നവരെയെല്ലാം കോയമ്പത്തൂരാണ് എത്തിച്ചത്. അഞ്ചാം ദിവസം വെള്ളം കുറഞ്ഞപ്പോഴാണ് ബാക്കിയുള്ളവരെ രക്ഷപ്പെടുത്തിയത്. നുരയും പതയുംവന്നു ചത്തുകിടക്കുന്ന ഒരുപാട് കന്നുകാലികളെ ഞാൻ കണ്ടിരുന്നു. അന്നത്തിനു വേണ്ടി ഹെലികോപ്റ്ററിലേക്ക് കൈകളുയർത്തി നിൽക്കുന്ന കൊച്ചുകടവ് ദേശക്കാരുടെ ദൃശ്യം മനസ്സിനെ വല്ലാതെ തകർത്ത് കളഞ്ഞിരുന്നു. വെള്ളം കുറഞ്ഞ് വീടുകളിലേക്ക് തിരിച്ച് പോകുമ്പോൾ തകർന്ന വീടുകൾ കണ്ട് നിലവിളിക്കുന്ന അമ്മമാരുടെ മുഖം മനസ്സിലുണ്ട്. വീട്ടിലെത്തിയ ഞാനും ഉച്ചത്തിൽ പൊട്ടിക്കരഞ്ഞു. പുറത്ത് അപ്പോഴും ക്ലീനിങ്ങിനുള്ള വണ്ടികൾ പായുന്നുണ്ടായിരുന്നു.വീട്ടിലെ എന്റെ എല്ലാ സാധനങ്ങളും വെള്ളത്തിൽ മുങ്ങിക്കിടക്കുകയായിരുന്നു.



**വര: ആസാദ് ശ്രീമദ്കർ VIIIA**

# ചിത്രങ്ങൾ...






**വര : DHANANJA,5 എ**

# കഥകളിക്ക് ഇതര കലകളുമായുള്ള ബന്ധം

കഥകളിയുടെ രൂപശിൽപ്പം തികച്ചും കേരളീയമാണെന്ന്നമുക്കറിയാം. ചമയങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളും മുഖത്തേപ്പും കേരളീയ പ്രകൃതിയുടെ സംഭാവനയാണ്.അതേ ബന്ധം കേരളത്തിലെ ഇതരകലകളുമായും കഥകളിക്കുണ്ട്. അക്കാലത്ത് പ്രചാരത്തിലിരുന്ന തെയ്യം, തിറ, പടയണി, കോലംതുള്ളൽ, തീയാട്ട്,കളമെഴുത്ത്പാട്ട്, കളമെഴുത്ത് തുടങ്ങിയ കലകളും കഥകളിയുടെ രൂപീകരണത്തിന് സഹായിച്ചിട്ടുണ്ട്.

കൂടിയാട്ടത്തോടാണ് ശാസ്ത്രീയ കഥകളിൽ കഥകളികളിക്ക് കൂടുതൽ സാമ്യം. അതിലെ പല ചടങ്ങുകളും അഭിനയസമ്പ്രദായങ്ങളും വേഷവിദാനങ്ങളും മുദ്ര,നൃത്തരീതി തുടങ്ങിയ ചെറിയ വ്യത്യാസങ്ങളോടെ കഥകളിയിൽ കലർന്നിട്ടുണ്ട് മോഹിനിയാട്ടത്തിൽ നിന്നാണ് ലാസ്യഭാവം കഥകളിക്ക് ലഭിച്ചിട്ടുള്ളത്. ചാക്യാർക്കുത്തിൽ നിന്ന് ആംഗികം സാത്വികവുമായ അഭിനയ രീതി  കഥകളി

കടമെടിത്തിട്ടുണ്ട്.

അഷ്ടപതിയോടും കഥകളിക്ക് അടുപ്പമുണ്ട് മഞ്ജുതര കുഞ്ചതല കേളീസദനെ എന്ന തുടങ്ങുന്ന അഷ്ടപദി ഗീതമാണ് കഥകളിയിൽ മേളപ്പദ സമയത്ത് ആലപിക്കുന്നത്.

കഥകളിക്ക് കൃഷ്ണനാട്ടവുമായുള്ള ബന്ധം കുറച്ചുകൂടി ഗാഢമാണ്. കഥകളിയിലെ ശ്രീരാമന്റെയും മുടി കൃഷ്ണനാട്ടത്തിന്റെ രീതിയിലാണ് ശ്ലോകങ്ങൾ മുഖേന കഥാപാത്രങ്ങളെയും സംഭവത്തെയും അവതരപ്പിക്കുന്നതും പാദത്തിലൂടെ അവരുടെ സംഭാഷണം അവതരിപ്പിക്കുന്നതും ചെയ്യുന്നത്.

പ്രാചീന കേരളത്തിൽ നടപ്പിലുണ്ടായിരുന്ന പല നടനപ്രസ്ഥാനങ്ങളുടെയും അനുഷ്ഠാന നൃത്തങ്ങളുടെയും മറ്റ് ദൃശ്യകലകളുടെയും സമുചിതമായ സമ്മേളനത്തിൽ നിന്നും ജന്മം കൊണ്ട വിശിഷ്ട കലാരൂപമാണ് കഥകളി എന്ന പറയാം.

**കീർത്തന ഉണ്ണിക്കൃഷ്ണൻ,10 എ**

# ചന്ദ്രനെക്കുറിച്ച് ............

"തങ്കത്താഴിക കുടമല്ല,
താരാപഥത്തിലെ രഥമല്ല,
ചന്ദ്രബിംബം കവികൾ പുകഴ്ത്തിയ
വർണമയൂരമല്ല..."

വയലാർ

ഒരു മനുഷ്യനെ സംബന്ധി
ച്ചിടത്തോളം വളരെ ചെറിയ ചു
വടുവെപ്പ്. എന്നാൽ മനുഷ്യ
രാശിക്കോ ഇതൊക്കെ വൻ കുതിച്ചുചാട്ടം,

നീൽ ആംസ്ട്രോങ്

ആകാശത്തിലെ മൈതാനത്തും
ആഹാ ഫുട്ബോൾ മാച്ചുണ്ടോ
മേഘകുട്ടികൾ തട്ടിവിടുന്നൊരു
ഫുട്ബോളാണോ പൂന്തിങ്കൾ,

സി.പി പള്ളിപ്പുറം

ആമ്പിളിമാമന്റെ വീട്ടിലും നമ്മുടെ
അമ്മാവന്മാർ ചിലർ പോയി വന്നു
അഞ്ചാറു കല്ലുകളെത്ര നമുക്കൊരു
സഞ്ചിയിൽ മാമന് കൊടുത്തയച്ചു .

ഒ. എൻ. വി

# അന്റാർട്ടിക്ക അടിസ്ഥാന വിവരങ്ങൾ

- സ്ഥിരമായി ജനവാസമില്ലാത്ത ഭൂഖണ്ഡം.
- മഞ്ഞ് മൂടപ്പെട്ടു കിടക്കുന്നതിനാൽ വൻകരയെ വെളുത്ത ഭൂഖണ്ഡം എന്നു പറയുന്നു.



- വലുപ്പത്തിൽ അഞ്ചാം സ്ഥാനം.
- വിസ്തൃർണം 1400000 ച.കി.മി
- ഏറ്റവും ഉയർന്ന കൊടുമുടി മിൻസൺ മാസ്സിഫ്



**ദീപു രാമചന്ദ്രൻ**

# മനുഷ്യ ജീവിതം

അന്റാർട്ടിക്കയിൽ മറ്റു വൻകരയിലേതു പോലെ സ്ഥിരമായി മനുഷ്യവ്യാസം ഇല്ല. ഗവേഷണാവിശ്യങ്ങൾക്കായി വിവിധ രാജ്യങ്ങളുടെ സ്ഥിരം കേന്ദ്രങ്ങൾ അന്റാർട്ടിക്കയിൽ സ്ഥാപിച്ചിട്ടുണ്ട്. 1950 മുതൽ വേനൽക്കാലങ്ങളിൽ വിനോദ സഞ്ചാരികളും പ്രത്യേക രൂപകൽപ്പന ചെയ്ത കപ്പലുകളിൽ അന്റാർക്ക സന്ദർശിക്കുന്നു. സാഹസികരായ പൈമാനികരും ഇവിടെയെത്താറുണ്ട്. തുറമുഖങ്ങളുടെയും പാർപ്പിടങ്ങളുടെയും അഭാവം വിനോദ സഞ്ചാരവികസനത്തിൽ വിലങ്ങുതടിയാകുന്നു. മനുഷ്യവാസം ഇല്ലാത്തതിനാൽ അന്റാർട്ടിക്ക സഞ്ചാരികൾക്ക് വളരെ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു.



n അഭിജിത്ത് . E .S

# ഒരുതാലം പോലെ

ദക്ഷിണദ്ധ്രുവ മേഖല ഭൂകേന്ദ്രത്തിലേക്ക് അല്പം ഉൾവലിഞ്ഞിരിക്കുന്നു.



അന്റാർട്ടിക്ക മറ്റ വൻകരകളെപ്പോലെ സമുദ്രനിരപ്പിൽ നിന്നും പൂർണമായും ഉയർന്നല്ല സ്ഥിതിചെയ്യുന്നത്. അന്റാർട്ടിക്കയുടെ നാലതിരുകളും പർവതങ്ങളും മാത്രമാണ് സമിന്ദ്രനിരപ്പിൽ നിന്നും ഉയർന്നു നിൽക്കുന്നത്. ശരിക്കും ഒരു താലത്തിന്റെ ആക്രുതി. കോടിക്കണക്കിനു വർഷങ്ങളായി കട്ടിപിടിച്ച കിടക്കുന്ന മഞ്ഞിന്റെ ഭാരം കൊണ്ട് ഇതിന്റെ നടുഭാഗം ഇപ്പോഴും കുഴിഞ്ഞുകൊണ്ടിരിക്കുകയാണ്.

അവിനാഷ്. n. u

# വിൽക്കാത്ത മുത്തുമാല

കടൽതീരത്ത് മുത്തുമാല വിൽപ്പനയാണ് രാജുവിന്റെ ജോലി. എന്നും അയാൾ ഒരു മാല മാത്രം വിൽക്കാതെ മാറ്റിവെക്കും.

ഒരുവലിയ പണക്കാരൻ രാജുവിനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഒരു ദിവിസം അയാൾ പറഞ്ഞു "നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ആ മാല കൂടി വിറ്റ് ലാഭം കൂട്ടുമായിരുന്നു..."

പക്ഷേ, രാജു ഒന്നും മിണ്ടിയില്ല. അൽപ്പം

കഴിഞ്ഞപ്പോൾ ഒരമ്മയും കുട്ടിയും  കടൽ കാണാനെത്തി. പാവപ്പെട്ടവരാണെന്ന് കണ്ടാലെ അറിയാം. വിൽക്കാതെ മാറ്റിവെച്ച ആ മാല  രാജു വിലയൊന്നും വാങ്ങാതെ അ

ആ കുട്ടിക്കു കൊടുത്തു. രാജു പണക്കാരനോട് പറഞ്ഞു. "പാവപ്പെട്ട ആ കുഞ്ഞുങ്ങൾതരുന്ന ചിരിയാണ് എന്റെ ലാഭം...."

അർപ്പിത് പോളി, 6 എ

# ബിനാലെ(cochin)



